# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.162

28/05/2019-ൽ
മറുപടിയ്ക്ക്

## കോളേജ് വിദ്യാർത്ഥിനിയുടെ ആത്മഹത്യാ ശ്രമം

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.ടി.വി.ഇബ്രാഹിം
ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനി കോളേജിലെ പെൺകുട്ടികളുടെ വിശ്രമ മുറിയിൽ കൈയുടെ ഞരമ്പ് മുറിച്ച് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (എ) | റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പെൺകുട്ടിയുടെ വസതിയിൽ നിന്നും പോലീസ് ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പെൺകുട്ടിയുടെ വസതിയിൽ നിന്നും പോലീസ് ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയിട്ടില്ല. എന്നാൽ പെൺകുട്ടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞു വരവെ ഡോക്ടർ ആത്മഹത്യാകുറിപ്പ് കണ്ടെത്തി ആറ്റിങ്ങൽ പോലീസിന് കൈമാറുകയും ആയത് ആറ്റിങ്ങൽ പോലീസിൽ നിന്നും തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ എത്തിച്ചിട്ടുള്ളതുമാണ്. |
| (സി) | ഈ കുറിപ്പിൽ ഏതെങ്കിലും വിദ്യാർത്ഥി സംഘടനയെക്കുറിച്ചും നേതാക്കളെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) & (ഡി) | കുറിപ്പിൽ ചില പേരുകൾ പരാമർശിക്കുന്നുണ്ടെങ്കിലും ആത്മഹത്യ ചെയ്യാൻ ശ്രമിച്ച പെൺകുട്ടി ബഹു.ആറ്റിങ്ങൽ കോടതിയിൽ നല്കിയ 164 CrPc പ്രകാരമുള്ള മൊഴിയിലും പോലീസിന് നേരിട്ട് നല്കിയ മൊഴിയിലും ആത്മഹത്യാ കുറിപ്പിൽ പരാമർശിക്കുന്നവരുടെ പേരിൽ പരാതി ഒന്നും ഇല്ലാ എന്ന് പറഞ്ഞിട്ടുള്ളതുമാണ്. |
| (ഡി) | കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ മേൽ കേസ്സ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ? | | |

**സെക്ഷൻ ഓഫീസർ**